# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 311/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 311/2022 തീയ്യതി: 30/03/2022

## പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2019 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-03-2022 | 14-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2022 | 14-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹസിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ് കുമാർ.കെ.ആർ, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു.വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസമ്മ സ്കറിയ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജോസ് ഈപ്പൻ | സെക്രട്ടറി | 01-04-2019 | 07-08-2019 |
| ശ്രീമതി എൻ.ജി.മറിയാമ്മ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2019 | 16-08-2019 |
| ശ്രീ ആർ.ശ്രീകുമാർ | സെക്രട്ടറി | 17-08-2019 | 07-12-2019 |
| ശ്രീമതി എൻ.ജി.മറിയാമ്മ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2019 | 26-12-2019 |
| ശ്രീ സദാശിവൻ.എസ് | സെക്രട്ടറി | 27-12-2019 | 09-01-2020 |
| ശ്രീമതി ശ്രീലത.പി.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2020 | 12-02-2020 |
| ശ്രീ സിറോഷ്.എസ് | സെക്രട്ടറി | 13-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എൻ.ജി.മറിയാമ്മ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-12-2019 |
| ശ്രീമതി ശ്രീലത.പി.ബി | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-01-2020 | 31-03-2020 |
| ശ്രീമതി ഉഷ.സി.കെ | അസ്സിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-07-2019 |
| ശ്രീമതി.ശ്വീറ്റി.എസ് | അസ്സിസ്റ്റന്റ് എൻജിനീയർ | 01-08-2019 | 18-12-2019 |
| ശ്രീമതി അർച്ചന.സി.പി | അസ്സിസ്റ്റന്റ് എൻജിനീയർ | 19-12-2019 | 31-03-2020 |
| ഡോ.ആശിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ പാർവ്വതി.കെ.ആർ | മെഡിക്കൽ ഓഫീസർ (ആയ്യൂർവ്വേദ) | 01-04-2019 | 31-03-2020 |
| ഡോ ഹേമ ശേഖർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി ട്രീസ സെലിൻ ജോസഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.എ.പി സുനിൽ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീബ.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.കെ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ റോബിൻ മാത്യു | വി.ഇ.ഒ | 01-04-2019 | 10-06-2019 |
| ശ്രീ വിൻസന്റ്,ആർ | വി.ഇ.ഒ | 11-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി റോസമ്മ.സി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Muhsin Faisal (Audit Officer, On 15-03-2022)<br>Last Updated By: Johncy John (Computer Assistant, On 30-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 15-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-7 |
| 9 | ക്ഷേമപെൻഷനുകൾ -മരണപ്പെട്ടവരെ ഒഴിവാക്കുന്നില്ല<br>Written By: Muhsin Faisal (Audit Officer, On 15-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Shyju Y (Senior Grade Auditor, On 11-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 15-03-2022)<br>Last Updated By: Muhsin Faisal (Audit Officer, On 15-03-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-10 |
| 13 | ഗുണഭോക്തൃവിഹിതം- രസീത് പിരിവിലെ അപാകതകൾ<br>Written By: Muhsin Faisal (Audit Officer, On 15-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 1-11 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക - 2.87ലക്ഷം രൂപ<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-12 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിൽ അപാകം<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-13 |
| 16 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-14 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-15 |

| | | |
|---|---|---|
| 18 | ഗ്രാന്റ് വിനിയോഗം- മൂന്ന് കോടിയോളം രൂപ ലാപ്സായി<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-16 |
| 19 | കറവപ്പശു വിതരണം- ഉരുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-17 |
| 20 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-18 |
| 21 | വീട് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിൽ- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-19 |
| 22 | പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-20 |
| 23 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-21 |
| 24 | അങ്കണവാടി ചുറ്റുമതിൽ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 28-03-2022) | 1-22 |
| 25 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തുന്നില്ല<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-23 |
| 26 | സിഡ്കോയിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയതിൽ അപാകത<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-24 |
| 27 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വിശകലനം.<br>Written By: K R Maheshkumar (Asst. Audit Officer, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-25 |
| 28 | സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിൽ ഒരുകോടിയിൽപ്പരം രൂപ അവശേഷിക്കുന്നു<br>Written By: Shyju Y (Senior Grade Auditor, On 14-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരങ്ങൾ<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Shyju Y (Senior Grade Auditor, On 12-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Shyju Y (Senior Grade Auditor, On 12-03-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Johncy John (Computer Assistant, On 26-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Shyju Y (Senior Grade Auditor, On 12-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: Shyju Y (Senior Grade Auditor, On 12-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyju Y (Senior Grade Auditor, On 15-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shyju Y (Senior Grade Auditor, On 12-03-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

31.03.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹132772376 വരവും ₹130586600 ചെലവും ₹2185776 രൂപ മിച്ചവും വരുന്ന ബജറ്റ് 22.02.2019ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകരിച്ചു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾപ്രകാരമുള്ളവരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 9500000 | 2417950 | 1332050 |
| | എ | വസ്തുനികുതി | 6500000 | 3743256 | 2756744 |
| | ബി | തൊഴിൽനികുതി | 2000000 | 1517229 | 482771 |
| 2 | | നികുതിയിതരവരവുകൾ | 1256000 | 3927284 | -2671284 |
| | എ | വാടക കെട്ടിടങ്ങൾ | 200000 | 157836 | 42164 |
| | | വാടക-ഓഡിറ്റോറിയം | 30000 | 7500 | 22500 |
| | ബി | ലൈസൻസ് | 150000 | 111800 | 38200 |
| | | പലിശ | 250000 | 291551 | -41551 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 9179100 | 10148800 | -969700 |
| 4 | | വികസന ഫണ്ട് | 52148650 | 15303373 | 36845277 |
| 5 | | സംരക്ഷണ ഗ്രാന്റ് | -- | 3310649 | -3310649 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 19575000 | 2955964 | 16619036 |
| 7 | | ഭരണ ചെലവുകൾ | 1338000 | 1155688 | 182312 |
| 8 | | ഓപ്പറേഷൻസ്& മെയിന്റനൻസ് | 4600000 | 3440420 | 1159580 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 18200000 | 6181776 | 12018224 |
| 10 | | പ്ലാൻ-സേവന മേഖല | 102530000 | 23966334 | 78563666 |
| 11 | | പ്ലാൻ-പശ്ചാത്തലമേഖല | 12000000 | 1795289 | 10204711 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽഉൾപ്പെടാത്തത് | 2400000 | 1245283 | 1154717 |
| 13 | | മെയിന്റനൻസ് പ്രോജക്കുകൾ | 14863000 | 2661878 | 12201122 |

ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽഅനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ്

തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ വളരെ ചെറിയ തുകയാണ് തൻവർഷത്തെ ആസ്തിയായി കാണിച്ചിട്ടുള്ളത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I 6- ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് പൂർണ്ണമായും Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 330400199) 340000 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. എസ്.റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും പൈപ്പ് ലൈൻ എക്സ്റ്റൻഷന് ലഭിച്ച തുകയാണ്. നിലവിൽ പ്രോജക്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കി അക്കൗണ്ട് ഹെഡ്സ് ക്രമീകരിക്കേണ്ടതാണ്.

3) ഷെഡ്യൂൾ B4- Grants, Funds & Contributions For Specific Purpose ഇനത്തിൽ (Code No- 320200312) 2038566 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. മുൻ വർഷങ്ങളിൽ ലഭിച്ച 879714 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തി വരവായി കാണിച്ചത് മൂലമാണ് ഇത്രയും തുക നീക്കിബാക്കിയായി വന്നിരിക്കുന്നത്. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4) ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ (Code No- 320200322) 1633360 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. നീക്കിബാക്കി തുകയോ മുൻബാക്കിയായി കാണിച്ചിരിക്കുന്ന തുകയോ കൃത്യമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ ACR എഴുതി സൂക്ഷിച്ചിട്ടില്ല.

5) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങിൽ (Code No- 320700104,105,204,205) പ്രസ്തുത അക്കൗണ്ട് ഹെഡ്ഡുകളിലായി 10012448 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ അവശേഷിക്കുന്നത്. ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്നോ, പ്രോജക്ട് ചെലവുകൾക്ക് ശേഷം ബാക്കിയായ തുകയാണെന്നോ എന്ന് വ്യക്തമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ ACR എഴുതി സൂക്ഷിച്ചിട്ടില്ല.

6) ഷെഡ്യൂൾ B4- Benificiary Contribution ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ലെഡ്ജർ പരിശോധിച്ചപ്പോൾ വരവായി വന്ന തുകകൾ സംബന്ധിച്ച് കൃത്യമായി രേഖപ്പെടുത്തൽ നൽകിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

7)ഷെഡ്യൂൾ B-5:- Secured Loans From Co Operative Banks ഇനത്തിൽ 16117427 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. ആയത് കൃത്മല്ല. ( കൃത്യമായ വിവരങ്ങൾ ഭാഗം 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

8)ഷെഡ്യൂൾ B-7:- ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്നില്ല.

9)ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10) ഷെഡ്യൂൾ B-11:- Land ഇനത്തിൽ വളരെ ചെറിയ തുകയാണ് ആസ്തിയായി കാണിച്ചിരിക്കുന്നത് . ഗ്രാമപഞ്ചായത്ത് വക ഭൂമികളുടെ വിലക്ക് ആനുപാതികമായ തുക ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല

11) ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും ആയത് ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

12) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13) ഷെഡ്യൂൾ B-16:- ലോൺ ഇനത്തിൽ തുക അടവാക്കാൻ ആവശേഷിക്കുന്നുവെങ്കിലും ആയത് ടി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

14) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത

ഷെഡ്യൂൾ ഇനങ്ങൾ കൃത്യാക്കേണ്ടതാണ്.

15) ഷെഡ്യൂൾ I-1:-തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ് ,കളക്ഷൻ,നീക്കിബാക്കി ഇവ രേഖപ്പെടുത്തിയ വാർഷിക സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

16) ഷെഡ്യൂൾ I-3:- വാടക ഇനത്തിൽ ഡിമാന്റായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

17) ഷെഡ്യൂൾ I-6:- NREGS വരവായി രേഖപ്പെടുത്തിയിട്ടുള്ള തുക കൃത്യമല്ല.

18) ഷെഡ്യൂൾ RP-1:- തൊഴിൽ നികുതി- പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി (ശമ്പളത്തിൽ നിന്നും നേരിട്ട് കുറവ് ചെയ്യുന്ന തുക) Receipt & Payment ഷെഡ്യൂളിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

19) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക എന്നീ ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32839593 |
| വരവ് | 60397207 |
| ആകെ | 93236800 |
| ചെലവ് | 56316247 |
| നീക്കിയിരിപ്പ് | 36920553 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂ ബിൽ | ലാപ്സായ തുക |
| വികസന ഫണ്ട് (ജനറൽ) | - | 14527000 | 14527000 | 12648782 | 1878218 | - | 1878218 |
| വികസന ഫണ്ട് ( എസ്.സി.പി) | - | 4736029 | 4736029 | 2470342 | 2265687 | - | 2265687 |
| വികസന ഫണ്ട് (റ്റി.എസ്.പി) | - | 1060249 | 1060249 | 386965 | 673284 | - | 673284 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Un Tied) | - | 9575360 | 9575360 | 2171848 | 7403512 | - | 7403512 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | - | 17256000 | 17256000 | 2385909 | 14870091 | - | 14870091 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | - | 3663000 | 3663000 | 924740 | 2738260 | - | 2738260 |
| സംസ്ഥാനാവിഷ്കൃതം ( ഇനം തിരിച്ച്) | | | | | | | |
| ശുചിത്വമിഷൻ | 1949360 | 84000 | 2033360 | 400000 | 1633360 | | |
| കേന്ദ്രാവിഷ്കൃത ഫണ്ട് ( ഇനം തിരിച്ച്) | | | | | | | |
| എൻ.ആർ.ഇ.ജി.എസ് | 4057 | 36392034 | 36396091 | 35866860 | 529231 | | |
| ഐ.സി.ഡി.എസ് | 983303 | 3629382 | 4612685 | 2094329 | 2518356 | | |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2019-20 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സർക്കാർ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. ടി തുകകൾ കൂടി ഉൾപ്പെടുത്തിയാവണമായിരുന്നു ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് കാണിക്കേണ്ടിയിരുന്നത്. (പ്രോജക്ട് തയ്യാറാക്കി ചെലവ് കാണിച്ചതിനാൽ ടി ഇനങ്ങളിലെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുണ്ട്.)

| ക്രമ നം | വിഭാഗം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 14527000 | 12276554 | 2250446 | കെ.എസ്.ഇ.ബി കുടിശ്ശിക തുക -126744 രൂപ, അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1226400 രൂപ, ലൈഫ് -കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 897059 രൂപ, കേരള വാട്ടർ അതോറിറ്റി കുടിശ്ശിക- 243 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 4736029 | 4691911 | 44118 | ലൈഫ് -കെ.യു.ആർ.ഡി.എഫ്.സി വായ്പ തുക- 44118 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. |

2) വികസന ഫണ്ടിനത്തിൽ സർക്കാർ സോഴ്സ് നടത്തിയ തുകയ്ക്ക് ആനുപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വിഭാഗം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 10973852 | 12648782 | 1674930 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 448530 രൂപ,അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1226400രൂപ എന്നീ ഇനങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് |

| | | | | | |
|---|---|---|---|---|---|
| | | | | | ആനപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 2448283 | 2470342 | 22059 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് - 22059 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ആനപാതികമായി പ്രോജക്ട് തയ്യാറാക്കുകയോ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

19-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 102691234 | 87 | 33054481 | - | 133 | 32.18 |

2019-20വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 15-10-2018 |
| ഗ്രാമസഭകൾ | 7-11-2018മുതൽ17-11-18വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി | 7-11-2018 |
| വികസന സെമിനാർ | 29-11-2018 |

സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 5495649 | 2628400 |
| വെറ്ററിനറി സർജൻ | 11 | 10 | 7692000 | 2041145 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 1 | 1 | 1015000 | 1014916 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 75000 | 75000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 15 | 17842300 | 9576279 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 5 | 5 | 4942400 | 4352103 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 6200000 | 2422676 |
| സെക്രട്ടറി | 26 | 13 | 8629594 | 2045094 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 11 | 7 | 1422104 | 1138430 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 121 | 21 | 37333182 | 6552695 |
| അസി.സെക്രട്ടറി | 8 | 4 | 5169800 | 840000 |
| ആകെ | 220 | 87 | 96117029 | 32986738 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4057 | 2498034 | 2502091 | 1972860 | 529231 |
| തൊഴിലാളികളുടെ കൂലി | | 33894000 | 33894000 | 33894000 | |
| ആകെ | 4057 | 36392034 | 36396091 | 35866860 | 529231 |

## 1-7 ക്ഷേമ പദ്ധതികൾ

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 119 | 629400 |
| 2 | വികലാംഗ പെൻഷൻ | 280 | 1351300 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2346 | 9887700 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 33 | 147600 |
| 5 | വിധവാ പെൻഷൻ | 849 | 4292400 |
| 6 | തൊഴിൽരഹിത വേതനം | 2 | 2160 |

## 1-7-1 ക്ഷേമപെൻഷനുകൾ -മരണപ്പെട്ടവരെ ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ക്ഷേമപെൻഷനുകൾ വാങ്ങിക്കൊണ്ടിരുന്ന ചുവടെ ചേർത്തിരിക്കുന്ന നിരവധി ഗുണഭോക്താക്കൾ മരണപ്പെട്ടതായി ഗ്രാമപഞ്ചായത്തിന്റെ മരണരജിസ്റ്റർ വ്യക്തമാക്കുന്നുണ്ടെങ്കിലും ഗുണഭോക്തൃലിസ്റ്റിൽ നിന്നും അവരെ ഒഴിവാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾ മരണമടഞ്ഞശേഷം നിലവിലും ഇവർക്ക് ആനുകൂല്യം നൽകിക്കൊണ്ടിരിക്കുകയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | പേര്,വിലാസം | മരണരജിസ്റ്റർ പ്രകാരം മരണം നടന്ന തീയതി | പെൻഷൻ |
|---|---|---|---|
| 104050600269 | തങ്കമ്മ,ഇലവുങ്കൽ വെൺകുറിഞ്ഞി | 3-2-20 | വാർദ്ധക്യ കാല പെൻഷൻ |
| 104050200744 | പത്മനാഭപിള്ള നീറോമാക്കൽ വെച്ചൂച്ചിറ | 26-12-2019 | വാർദ്ധക്യ കാല പെൻഷൻ |
| 104050201526 | മോനി ദാവീദ് പുള്ളോലിൽ വെച്ചൂച്ചിറ | 12-3-20 | -ടി- |
| 104050201683 | ചാക്കോ.പി.സി. പീടികപ്പറമ്പിൽ കുത്താട്ടുകുളം | 22-4-20 | -ടി- |
| 104050200578 | ദേവസ്യ ജോസഫ് ഊട്ടുകളത്തിൽ മുക്കൂട്ടുതറ | 4-6-20 | -ടി- |
| 104050200042 | മാത്യൂ വർഗീസ് കൈതപ്പറമ്പിൽ വെച്ചൂച്ചിറ | 17-7-20 | -ടി- |
| 104050200744 | സാമുവേൽ, കുളക്കുറ്റിയിൽ | 9-3-20 | -ടി- |
| 104050200287 | റോസമ്മ മത്തായി, കണ്ടത്തിൽ വെച്ചൂച്ചിറ | 18-8-20 | -ടി- |
| 104050201414 | ഗൌരിയമ്മ, അന്തനാട്ട് വെച്ചൂച്ചിറ | 7-10-20 | -ടി- |
| 104050201253 | തങ്കമ്മ വാസുദേവൻ പഴന്താവളത്തിൽ വെച്ചൂച്ചിറ | 3-11-20 | -ടി- |
| 104050200522 | ഏലിയാമ്മ വർഗീസ് കൊല്ലിരിക്കൽ വെച്ചൂച്ചിറ | 6-11-20 | -ടി- |
| 104050600728 | കമലമ്മ | 13-10-20 | വിധവാ |

| | | | |
|---|---|---|---|
| | പേരകത്തുശ്ശേരിൽ ചാത്തൻതറ | | പെൻഷൻ |
| 104050600757 | പൊന്നമ്മ ഇടമന വാഹമുക്ക് | 1-11-20 | വിധവാ പെൻഷൻ |

ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും, മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും,അനർഹർക്ക് തുക ചെലവഴിക്കുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.മരണശേഷം പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-03-2022, 3 P.m- ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38287 (മുപ്പത്തെണ്ണായിരത്തി ഇരുനൂറ്റി എൺപത്തേഴ് രൂപ) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ,ലൈസൻസ്,വാടക എന്നിവ സംബന്ധിച്ച രജിസ്റ്റർ,വിവിധ വരവിനങ്ങൾ സംബന്ധിച്ച രജിസ്റ്ററുകൾ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ നടപ്പായിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ട പോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 30-04-2009 | 1997-98 മുതൽ 2008-09 വരെ | 11-06-2009 |
| പെർഫോമൻസ് ഓഡിറ്റ് | 08-09-2021 | 2/2020മുതൽ 3/2021 വരെ | 11-01-2022 |

## 1-11 ഗുണഭോക്തൃവിഹിതം- രസീത് പിരിവിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി നൽകിയിട്ടുള്ള രസീത് ബുക്കുകൾ പ്രകാരമുള്ള പണം പിരിവും,അവയുടെ ഒടുക്കും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 17696,9379 രസീത് ബുക്കുകൾ പ്രകാരം ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുകകൾ പഞ്ചായത്തിൽ ഒടുക്കിയ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല.ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് കോവിഡ് വ്യാപനം മൂലം ഗുണഭോക്താക്കൾക്ക് വിഹിതം ഒടുക്കുവാനായി ഓഫീസിൽ വരാൻ സാധിച്ചില്ലെന്നും അതത് വാർഡ് മെബർമാരാണ് തുകപിരിച്ചെടുത്ത് ഒടുക്കുവാൻ കൊണ്ടുവന്നതെന്നും,ഇപ്രകാരം ഒടുക്കുവരുത്തിയപ്പോൾ മുമ്പ് തുക അടച്ചിരുന്ന ഗുണഭോക്താക്കളുടെ വിവരം വീണ്ടും തന്നതിനാൽ രസീത് എഴുതിയതാണെന്നും മറുപടി തന്നിരിക്കുന്നു. രസീത് എഴുതിക്കൊടുത്തതിൽ ഇരട്ടിപ്പ് വന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ലഭ്യമാകുന്ന തുകയ്ക്ക് മാത്രം രസീത് നൽകുന്നതിനും,ആയത് കൃത്യമായി പഞ്ചായത്തിൽ ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

2. രസീത് പ്രകാരമല്ലാതെ പിരിച്ചെടുത്ത 15375 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.ആയത് ക്രമവിരുദ്ധമാണ്. ഗുണഭോക്തൃവിഹിതം രസീത് പ്രകാരം തന്നെയായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. റദ്ദ് ചെയ്യുന്നരസീതുകളുടെ കാരണം രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണ.വിഹിതം പിരിക്കുന്നതിനായി നൽകിയിട്ടുള്ള രസീത്ബുക്കുകൾ ്പാകങ്ങളില്ലാതെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക - 2.87ലക്ഷം രൂപ

2019-20 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ 287479 രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) മൊബൈൽ ടവറിന്റെ വസ്തു നികുതിയിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക 2.87 ലക്ഷം രൂപ.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 3/249 | സബ് ഡിവിഷണൽ എൻജിനിയർ(ബി എസ് എൻ എൽ മൊബൈൽടവർ,തിരുവല്ല,തിരുവല്ല പി ഒ) | 13080+654+1962= 15696 | 2018-19,2019-20 ( 2 വർഷം) | 31392 |
| 2 | 4/463 | റിലൈൻസ് ടെലികോം, എ പി ആർക്കേഡ്,കൊച്ചി | 28089+1405+4214=33708 | 2013-14 മുതൽ 2019-20 വരെ (7 വർഷം) | 235956 |
| 3 | 11/566 | റിലയൻസ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്,38/628 എ ആന്റ് പിആർക്കേഡ്, എസ് എ റോഡ്,കൊച്ചിൻ | 16775+839+2517 =20131 | 2019-20 | 20131 |
| | | ആകെ | | | 287479 |

B) താഴെ പറയുന്ന വാർഡുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടില്ലായെന്ന് വസ്തു നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വാർഡുകളിൽ മൊബൈൽ ടവറുകൾ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട വാർഡു മെമ്പർമ്മാരിൽ നിന്നും വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/പേര് |
|---|---|
| 1 | 01, കുന്നം |
| 2 | 02, എണ്ണൂറാം വയൽ |
| 3 | 05, ഓലക്കുളം |
| 4 | 09, ഇടത്തിക്കാവ് |

| | |
|---|---|
| 5 | 10, പെരുന്തേനരുവി |
| 6 | 12, മണ്ണടിശ്ശാല |
| 7 | 13, കുംഭിത്തോട് |
| 8 | 14, ക്കുത്താട്ടുകുളം |

ATC ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് രണ്ടാം വാർഡിൽ മൊബൈൽ ടവർ നിർമ്മിക്കുന്നതിന് പെർമിറ്റ് 2019-20 ൽ നൽകിയിരുന്നു. (പെർമിറ്റ് നം:A1(BA)-281587/2019 ; 05.09.2019). എന്നാൽ ഈ ടവർ നാളിതു വരെ നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാതെ ടവർ പ്രവർത്തിക്കുന്നുണ്ടോയെന്ന പരിശോധിക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19-20 ;08.03.2022) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയില്ല. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിന്ന റിപ്പോർട്ടു നൽകേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിൽ അപാകം

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി കണ്ട് നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയർ എന്നീ രേഖകൾ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ , ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് നികുതി/നിരക്ക് കണക്കാക്കേണ്ടതിന്റെ വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെയുള്ള കെട്ടിടം. | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിലുള്ള കെട്ടിടം. | 60 |

| ക്രമ നം | ഉടമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | സുനിത രാജേന്ദ്രൻ നായർ,<br>നാലുവിളം,വെച്ചൂച്ചിറ,കുന്നം വെച്ചൂച്ചിറ പി ഒ | 2/116 A,B,C,D എണ്ണൂറാം വയൽ | 18 – FF<br>47 - FF<br>26 - GF<br>26 - GF | 40 | 60 |
| 2 | അബ്ദുൾ അസീസ്,<br>തോപ്പിൽ വീട്,<br>ചാത്തൻതറ, | 8/863,864,865 | 16-FF<br>48-FF<br>72-FF | 40 | 60 |

| | | | | | |
|---|---|---|---|---|---|
| 3 | ഗീതമ്മ,<br>ബ്ളോക്ക് നം. 33,<br>വരദ ഭവൻ,കക്കടുക്ക | 12/706 A,B,C | 33-GF<br>31-GF<br>66-GF | 40 | 60 |
| 4 | ജോസഫ്. എം.ജെ,<br>മണിമേലേത്ത്,വെച്ചൂച്ചിറ,കുന്നം<br>വെച്ചൂച്ചിറ പി ഒ,<br>(13/543-545 എന്നീ കെട്ടിടങ്ങൾ 100 M2 ന മുകളിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്) | 13/546 | 40- GF | 40 | 60 |

നികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/19-20;08.03.2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനു റിപ്പോർട്ടു നൽകി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-14 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല

താഴെ പറയുന്ന കെട്ടിടത്തിന്റെ കെട്ടിട നമ്പർ നൽകിയതിലുള്ള അപേക്ഷ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ വിലാസം/കെട്ടിടത്തിന്റെ ഇനം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ (ച.മീ) | സർവ്വെ നമ്പർ-പ്ലോട്ട് ഏരിയ |
|---|---|---|---|
| ഡിലൈറ്റ്,തോട്ടമറ്റത്തിൽ,<br>മുക്കൂട്ടുതറ, | 5/430 G,H,I,J,O,P,T,F | G-12,H-12,I-18,J-25,<br>F-24, P-39<br>GF -- $130M^2$<br>O-24, T-15<br>FF--$39M^2$ | 780/1-2/1741- 0.99 ആർ<br>780/1-2/1741- 0.61 ആർ<br>780/2/1740-1 – 0.46 ആർ<br>ആകെ - 2.06 ആർ |
| സജി,തോട്ടമറ്റത്തിൽ,മുക്കൂട്ടുതറ പി ഒ, | 5/430 K,L,M,N, | K-34, L-15,M-15<br>GF--$64M^2$<br>N-72 $M^2$ (Resl,FF) | 780/1-2/174 – 1.58 ആർ |
| ജിജി,തോട്ടമറ്റത്തിൽ,മുക്കൂട്ടുതറ പി ഒ, | 5/430 Q,R,S,A,B,C,D,E | A-15, B-15,C-16, D-13<br>E-12, S-22<br>GF--93 M2<br>Q-32,R-24<br>FF-- 56M2 | 780/1-2/174 – 0.32<br>780/2/1740 – 1.70<br>780/1-2/121 – 0.04<br>ആകെ - 2.06 |
| ആകെ | | GF- 287 (വാണിജ്യം)<br>FF- 167 (95-വാണിജ്യം, 72-പാർപ്പിടം) | 5.7 ആർ |

A) $131.19M^2$ ഏരിയ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കി .

16.01.2019 ൽ എരുമേലി -പമ്പാവാലി സംസ്ഥാന ഹൈവേയിൽ മുക്കൂട്ടുതറ ജംഗ്ഷനിൽ നിന്നും 400M മാറിയാണ് ഈ രണ്ടു നില വാണിജ്യ കെട്ടിടത്തിനു കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 പ്രകാരം പെർമിറ്റ് നൽകിയിരുന്നത് (A1-134/19;16.01.2019). പെർമിറ്റ് പ്രകാരം താഴെ പറയുന്ന ഏരിയയിൽ

കെട്ടിടം നിർമ്മിക്കുന്നതാണ് അനുവാദം നൽകിയിരുന്നത്.

| | പെർമിറ്റ് പ്രകാരം | അസിസ്റ്റന്റ് എഞ്ചിനീയറുടെ സൈറ്റ് പരിശോധന പ്രകാരം | നികുതി നിർണയിച്ചത് |
|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | വാണിജ്യം - 325 $M^2$ | 247.3 $M^2$ | 287 $M^2$ വാണിജ്യം |
| ഫസ്റ്റ് ഫ്ലോർ | വാണിജ്യം- 265 $M^2$ | 317.05+ 20.94(Stair) | 95- M2വാണിജ്യം, |
| ഫസ്റ്റ് ഫ്ലോർ | പാർപ്പിടം - 60 $M^2$ | | 72- പാർപ്പിടം |
| ആകെ | 650 $M^2$ | 585.19 $M^2$ | 454 $M^2$ |

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ആകെ 585.19M2 കെട്ടിടം ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലുമായി നിർമ്മിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിലും ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നികുതി നിർണ്ണയം നടത്തിയപ്പോൾ 131.19M2 ഏരിയ ഒഴിവാക്കി ആകെ 454 $M^2$ ഏരിയ മാത്രമാണ് കണക്കിലെടുത്തിട്ടുള്ളത്. നികുതി നിർണ്ണയിച്ചതിൽ വന്ന ഗുരുതരമായ ഈ വീഴ്ചയ്ക്ക് നികുതി നിർണ്ണയിച്ച ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് സൈറ്റിലില്ല .

കെട്ടിടത്തിനാവശ്യമായ കാർ പാർക്കിംഗ് ഏരിയ ചുവടെ ചേർക്കുന്നു.

ആകെ ഫ്ലോർ ഏരിയ(വാണിജ്യം) -424.7 ച.മീ

424.7/75= 6കാർ പാർക്കിംഗ്

ആകെ ഫ്ലോർ ഏരിയ (പാർപ്പിടം) - 64.3 M2

വേണ്ട കാർ പാർക്കിംഗ് - 1

കെട്ടിടത്തിനു ആകെ വേണ്ട കാർ പാർക്കിംഗ് =6+1 =7

എന്നാൽ സൈറ്റ് പരിശോധനയിൽ ഇപ്രകാരം കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം കാണാനായില്ല . 8 കാറുകൾക്കുള്ള സ്ഥലം മുൻ വശത്തെ തുറന്ന സ്ഥലത്തു പ്ലാൻ പ്രകാരം കാണിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള (ചട്ടം 38(7) തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇവിടെ കെട്ടിടത്തിന്റെ മുൻവശം 100%വും പാർക്കിംഗ് ഏരിയ ആയി കണക്കിലെടുത്തു. ഇതു ചട്ടത്തിന് വിരുദ്ധമാണ്. പാർക്കിംഗ് പ്ലാൻ KPBR പാലിക്കുന്നുണ്ടെന്ന് 28.02.2020 ൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയറും അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിനു ഒക്കുപ്പൻസി നൽകാവുന്നതാണെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയെത്തുടർന്ന് കെട്ടിടത്തിനു നമ്പരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ:25/2019-20; 11.03.2022) സെക്രട്ടറിയും അസിസ്റ്റന്റ് എഞ്ചിനീയറും മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടനിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിനു നമ്പരിട്ടു നൽകാൻ ശുപാർശ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. നികുതി നിർണ്ണയത്തിൽ ഗുരുതര വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നികുതി പുനഃനിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ

നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു.തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, റിട്ടേണുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഗവ:LPS, കുന്നം | II |
| 2 | St.George EA LPS, വെൺകുറിഞ്ഞി | II |
| 3 | St.Thomas High School | II |
| 4 | MTV HSS, കുന്നം | II |
| 5 | പത്തനംതിട്ട ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, വെച്ചൂച്ചിറ | II |
| 6 | SBI, വെച്ചൂച്ചിറ | II |
| 7 | പോലീസ് സ്റ്റേഷൻ, വെച്ചൂച്ചിറ | II |
| 8 | കൃഷി ഭവൻ, വെച്ചൂച്ചിറ | II |
| 9 | വിശ്വ ബ്രാഹ്മണ കോളേജ്, വെച്ചൂച്ചിറ | II |
| 10 | കോപ്പറേറ്റീവ് ബാങ്ക്, വെൺകുറിഞ്ഞി | II |
| 11 | NSS എസ്റ്റേറ്റ്, നൂറേക്കാട് | II |
| 12 | KSFE, വെച്ചൂച്ചിറ | II |
| 13 | KSEB,വെച്ചൂച്ചിറ | II |
| 14 | ഗവ:പോളിടെക്നിക്ക് കോളേജ്,വെച്ചൂച്ചിറ | II |
| 15 | പോളിടെക്നിക്ക് കോളേജ്, വെച്ചൂച്ചിറ | II |
| 16 | BSNL, വെച്ചൂച്ചിറ | I & II |
| 17 | ചെറുപുഷ്പം ഹോസ്പിറ്റൽ, മുക്കൂട്ടുതറ | I & II |
| 18 | മിൽമ | II |
| 19 | ടോപ്പ് ഗ്രിപ്പ് റീട്രേഡേഴ്സ് | I & II |
| 20 | കൊശമറ്റം ഫൈനാൻസിയേഴ്സ് | II |
| 21 | മണിമലേത്ത് ക്രഷർ യൂണിറ്റ് | I & II |
| 22 | ബദ്സേഥ ഹോസ്പിറ്റൽ, വെച്ചൂച്ചിറ | I & II |

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊശമറ്റം ഫിനാൻസ് | II |
| 2 | NSS എസ്റ്റേറ്റ്, നൂറേക്കാട് | II |

| | | |
|---|---|---|
| 3 | മുത്തൂറ്റ് നിധി ലിമിറ്റഡ്,ചാത്തൻതറ | II |
| 4 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, ചാത്തൻതറ | II |
| 5 | സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, വെച്ചൂച്ചിറ | II |
| 6 | SBI, വെച്ചൂച്ചിറ | I & II |
| 7 | പത്തനംതിട്ട ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, വെച്ചൂച്ചിറ | I & II |

3) 2019-20 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവർ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേ ണ്ടതുമാണ്.

3.

| ക്രമ നം | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | P.A ഫിലിപ്പ്,പള്ളിക്കൽ, വെച്ചൂച്ചിറ |
| 2 | ജോസഫ് ഫിലിപ്പ്, പള്ളിക്കൽ, വെച്ചൂച്ചിറ |
| 3 | ഷിജോമോൻ ജോസഫ്, അറയ്ക്കൽ,മുക്കൂട്ടുതറ |
| 4 | രഞ്ജി ജോസഫ്, മണിമലേത്ത്, വെച്ചൂച്ചിറ |
| 5 | പുരുഷോത്തമൻ നായർ,മാവുങ്കൽ, കുന്നം |
| 6 | സാബു ഫ്രാൻസിസ്, മണിയങ്ങാട്ട്, വെച്ചൂച്ചിറ |
| 7 | തോമസ് ജോസഫ്, മണിമലേത്ത്, വെച്ചൂച്ചിറ |
| 8 | ജോസ് വി സാലി,വലിയത്ത്, ചാത്തൻതറ |
| 9 | മാത്യൂ കെ എം, കണ്ണാട്ട്,ചാത്തൻതറ |
| 10 | സാന്റു പി എസ്,പുളിക്കുന്നേൽ ,വെച്ചൂച്ചിറ |
| 11 | റോണി ജോസഫ്, മണിമലേത്ത്, വെച്ചൂച്ചിറ |
| 12 | ജിബിൻ സെബാസ്റ്റ്യൻ, കുടക്കം തടത്തിൽ,കൊല്ലമുള |

മേൽ അപാകതകൾക്ക് ഓഡിറ്റിനു വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/19-20;10.03.2022) സെക്രട്ടറി മറുപടി നൽകിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനു റിപ്പോർട്ട് നൽകി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-16 ഗ്രാന്റ് വിനിയോഗം- മൂന്ന് കോടിയോളം രൂപ ലാപ്സായി

2019-20 സാമ്പത്തിക വർഷം വിവധ ഗ്രാന്റിനങ്ങളിലായി 50817638 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചതിൽ 20988586 രൂപയാണ് ചെലവ്. 29829052 രൂപ ചെലവഴിക്കാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14527000 | 12648782 | 1878218 |
| വികസന ഫണ്ട് ( എസ്.സി.പി) | 4736029 | 2470342 | 2265687 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 1060249 | 386965 | 673284 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( Un Tied) | 9575360 | 2171848 | 7403512 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 17256000 | 2385909 | 14870091 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 3663000 | 924740 | 2738260 |
| ആകെ | 50817638 | 20988586 | 29829052 |

വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 121 പ്രോജക്ടുകളിലായി തുക വകയിരുത്തിയെങ്കിലും 21 പ്രോജക്ടുകളിൽ മാത്രമാണ് നടപ്പാക്കിയത്. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ഫെബ്രുവരി, മാർച്ച് മാസങ്ങളാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി നീക്കിവയ്ക്കപ്പെടുന്നത്.എന്നാൽ അവിചാരിതമായ കാരണങ്ങളാൽ (പ്രളയം, കോവിഡ് പ്രതിസന്ധി) പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം ആരംഭിച്ച് തുടർനടപടികൾ സ്വീകരിക്കാത്തത് മൂലമാണ് ഇപ്രകാരം വൻതുക ലാപ്സായത്. ലഭിച്ച തുകയെ ആധാരമാക്കിയാൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ 15.83% മാത്രമാണ് പദ്ധതി ചെലവ്. 84 % തുകയും ലാപ്സാക്കി. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലും 22.68 % മാത്രമാണ് പദ്ധതി ചെലവ്.

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക ഇപ്രകാരം നിർവ്വഹണം നടത്താതെ ലാപ്സാക്കുന്ന പ്രവണത അഭിലഷണീയമല്ല. ഓരോ സാമ്പത്തിക വർഷവും ഗ്രാന്റിനങ്ങളിൽ ലഭ്യമാകുന്ന തുക ചെലവഴിക്കപ്പെടാതെ പോവുകയാണെങ്കിൽ തിരികെ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രോജക്ടുകൾ സ്പിൽ ഓവറാക്കി നടപ്പിലാക്കാൻ കഴിയുമെങ്കിലും അതിനാവശ്യമായ ഫണ്ട് മുൻ വർഷം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയിൽ നിന്നും ലഭ്യമാകുന്നില്ല. ആയതിനാൽ ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ട് അതാത് വർഷം തന്നെ പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും കൂട്ടായ പരിശ്രമം ആവശ്യമാണ്. വിവിധ ഗ്രാന്റിനങ്ങളിലായി ലഭിച്ച തുകയിൽ മൂന്നുകോടിയോളം രൂപ ലാപ്സാക്കിയ നടപടി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

## 1-17 കറവപ്പശു വിതരണം- ഉരുവിനെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

2019-20സാമ്പത്തിക വർഷം വെറ്ററിനറിസർജൻ നിർവ്വഹണോദ്യോഗസ്ഥനായി കറവപ്പശു വിതരണം എന്ന പേരിൽ രണ്ട് പ്രോജക്ടുകളാണ്നടപ്പിലാക്കിയത്. രണ്ട് പ്രോജക്ടുകളിലും പശുവിന് 60000 രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്. 25000 രൂപ സബ്സിഡിയും 35000 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 60000 രൂപ ഓരോ കർഷകനും ബാങ്ക് ലോണായി നൽകി. കർഷകൻ പശുവിനെ വാങ്ങി വിലചീട്ട്, പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഷെഡ്യൂൾ എന്നിവ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്.

പ്രോജക്ട് (എസ്.ഒ.158/19-20) പ്രകാരം 14 കർഷകർക്ക് 25000 രൂപ വീതം3,50,000 രൂപ ഗുണഭോക്താക്കളുടെ ലോൺ അക്കാണ്ടിലേക്ക് നൽകി. പുതിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-79/19-20) 7,25,000 രൂപയായിരുന്നു പദ്ധതി ചെലവ്. പ്രോജക്ട് പ്രകാരം 29 കർഷകർക്ക് 25000 രൂപ വീതം 7,25,000 രൂപ ഗുണഭോക്താക്കളുടെ ലോൺ അക്കാണ്ടിലേക്ക് നൽകി. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയത്. ആദ്യ പ്രോജക്ട് പ്രകാരം 14 കർഷകർക്കും, രണ്ടാമത്തെ പ്രോജക്ട് പ്രകാരം 17 കർഷകർക്കും പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി ഷെഡ്യൂൾ ഇല്ലാതെയാണ് ലോൺ അക്കൗണ്ടിലേക്ക് സബ്സിഡി തുക ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളത്. പോളിസി ഷെഡ്യൂൾ ഹാജരാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം. 20/09-03-2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം രണ്ട് പ്രോജക്ടുകളിലായി 31 കർഷകർ ഉരുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് സമയത്തും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുകയും തീയതിയും | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | സൂസൻ എബ്രഹാം<br>തോട്ടുങ്കൽ<br>കുരുമ്പൻമൂഴി | 40000/ 11-07-2018 | 10-07-2018 |
| 2 | എലിയാമ്മ ഡൊമിനിക്<br>തുണ്ടിയിൽ വീട്<br>മണ്ണടിശ്ശാല | 40000/ 13-07-2018 | 12-07-2018 |
| 3 | മാത്യൂ ജോസഫ്/സുനി മാത്യൂ<br>പന്നിപ്പള്ളിൽ<br>മണ്ണടിശ്ശാല.പി.ഒ | 40000/ 29-08-2018 | 05-08-2018 |

എഗ്രിമെന്റ് പ്രകാരം കരാറിലേർപ്പെട്ട തീയതി മുതൽ ആറുമാസത്തിനകം മുകളിൽ ചൂണ്ടിക്കാട്ടിയ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ടി ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21/09-03-2022) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നറിയിച്ചു. നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുവെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുന്നതിനായി റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വീട് മെയിന്റനൻസ് - പദ്ധതി നടത്തിപ്പിൽ- അപാകതകൾ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 3500000 രൂപ ചെലവഴിച്ച് ബി.പി.എൽ ഭവനം-വാസയോഗ്യമാക്കൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 69 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതവും രണ്ട് ഗുണഭോക്താക്കൾക്ക് 25000 രൂപ വീതവും നൽകി. പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ ഇല്ലാതെ തുക നൽകി

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അസ്സിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുപകരം ഓവർസീയർ നൽകിയ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ടി അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ-22/19-20 തീ.09-03-2022), തുടർ വർഷങ്ങളിൽ അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ സബ്സിഡി നിരക്ക് നിശ്ചയിക്കുകയുള്ളുഎന്നറിയിച്ചു. പ്രസ്തുത അപാകത തുടർ പദ്ധതി പ്രവർത്തനങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) വീട് മെയിന്റനൻസ് പൂർത്തീകരിച്ചില്ല

ചുവടെ പറയുന്ന ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് നടത്തുന്നതിനായി 25000 രൂപ വീതം കൈപ്പറ്റിയെങ്കിലും പ്രവർത്തി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുകയും തീയതിയും | ചെക്ക് നമ്പരും തീയതിയും |
|---|---|---|---|
| 1 | ലീലാമ്മ.കെ.കെ<br>മാന്തറയിൽ<br>ചാത്തൻതറ | 25000 | ചെക്ക് നമ്പർ-2424007 /20-08-2019 |
| 2 | ലൈലാ റോയി<br>കാരക്കാട്ട് വീട് | 25000 | ചെക്ക് നമ്പർ-2424003 |

| | | |
|---|---|---|
| | വെൺകുറിഞ്ഞി | /15-07-2019 |

നിലവിലും ഗുണഭോക്താക്കൾ വീട് മെയിന്റനൻസ് പൂർത്തീകരിച്ച് തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ലായെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ വീട് മെയിന്റനൻസ് പൂർത്തിയാക്കുനനതിന് ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. വീട് മെയിന്റനൻസ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ യൂണിറ്റ് (പ്രോജക്ട് നം- 94/19-20) എന്ന പേരിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. വികസന ഫണ്ട്-559804 രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 255112 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം -200000 രൂപ എന്നിങ്ങനെ 1014916 രൂപയാണ് പദ്ധതി ചെലവ്. ടി പദ്ധതി നിർവ്വഹണത്തിൽ ചുവടെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടു.

ഹോം കെയർ ചെലവിന് തുക നിജപ്പെടുത്തിയത് എച്ച്.എം.സി യോഗം അംഗീകരിച്ചിട്ടില്ല

ഹോം കെയർ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സ്വന്തം ആംബുലൻസാണ് ഉപയോഗിക്കുന്നത്. ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം എന്നീ ഇനങ്ങളിൽ ഹോം കെയറിന് പോകുന്ന ദിവസങ്ങളിൽ 1400 രൂപ വീതമാണ് എച്ച്.എം.സി ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർ ചെലവഴിക്കുകയും തുടർന്ന് പ്രോജക്ട് പ്രകാരം ബിൽ മാറി എച്ച്.എം.സി അക്കൗണ്ടിലേക്ക് റിക്കൂപ്പ് ചെയ്യുകയുമാണ് ചെയ്ത് വരുന്നത്.

തദ്ദേശ സ്വയംഭരണവുപ്പിന്റെ 07-03-2019-ലെ സാ.ഉ (സാധാ) നം- 533/2019 /ത.സ്വ.ഭ.വ പ്രകാരമുള്ള പരിഷ്കരിച്ച പാലിയേറ്റീവ് മാർഗ്ഗരേഖയിലെ ഖണ്ഡിക 2-8-2 പ്രകാരം അനുവദിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസം വാഹനം ഓടുന്നതിന് നിശ്ചയിക്കാവുന്ന തുക എച്ച്.എം.സി കണക്കാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒരു ദിവസം വാഹനം ഓടുന്നതിന് ആവശ്യമായ തുക കണക്കാക്കി എച്ച്.എം.സി അംഗീകരിച്ചിട്ടില്ല.

2) എച്ച്.എം.സി കണക്കുകൾ

എച്ച്.എം.സി യുടെ വാർഷിക കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്. മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം വലിയ തുക എച്ച്.എം.സി ഫണ്ട് മുഖേന ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം വരെ മാത്രമാണ് എച്ച്.എം.സി കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിച്ചിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിലെ എച്ച്.എം.സി-യുടെ വാർഷിക കണക്കുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3) മരുന്നുകളുടെ ലഭ്യത

പ്രസ്തുത പ്രോജക്ട് പ്രകാരം 469206 രൂപ മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബിൽ നമ്പരും തീയതിയും | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | ബിൽ നം-4 തീയതി 27-08-2019 | 95394 |
| 2 | ബിൽ നം-10തീയതി 19-02-2020 | 96912 |
| 3 | ബിൽ നം-13 തീയതി 26-03-2020 | 200000 |
| 4 | ബിൽ നം-15 തീയതി 31-03-2020 | 76900 |
| | ആകെ | 469206 രൂപ |

മുകളിൽ ചൂണ്ടിക്കാട്ടിയ ബിൽ പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകകൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 2019-20 സാമ്പത്തിക വർഷം ഷെഡ്യൂൾ RP-34 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 427686 രൂപ റീ ഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട്. റീ ഫണ്ട് ചെയ്ത് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | റീ ഫണ്ട് ചെയ്ത് നൽകിയ തുക |
|---|---|---|
| 1 | Contractors Earnest Money Deposit | 157530 |
| 2 | Bidders Earnest Money Deposit | 224250 |
| 3 | Suppliers Security Deposit | 32400 |
| 4 | Bidders Security Deposit | 13500 |
| | ആകെ | 427680 രൂപ |

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഇപ്രകാരം റീ ഫണ്ട് ചെയ്ത് നൽകിയ തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള മുൻബാക്കി, വരവ്, ചെലവ്, നീക്കിബാക്കി തുകകളുടെ കൃത്യത രജിസ്റ്റർ ഇല്ലാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക 524516 രൂപയാണ്. പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ലെഡ്ജർ പരിശോധനയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലായെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുമ്പോൾ ആവർത്തനം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ആയതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം നിലവിൽ അവശേഷിക്കുന്ന തുകയ്ക്ക് അടിസ്ഥാനമായി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-22 അങ്കണവാടി ചുറ്റുമതിൽ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 117/18-19, 154/2019-20,നിരവ് അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം & ഗേറ്റ് സ്ഥാപിക്കൽ. |
| ഫണ്ട് വകയിരുത്തിയത് | 192000,മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഫണ്ട് ചെലവഴിച്ചത് | 182106 (ബിൽ നം:041816/05.04.2019) |
| കരാറുകാരൻ, എം ബുക്ക് നമ്പർ | വിനു പി,കെ, പുതുപ്പറമ്പിൽ വീട്, മണ്ണടിശ്ശാല 17/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി ഉഷ സി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

നിരവ് അങ്കണവാടിയക്ക് ചുറ്റുമതിൽ നിർമ്മാണം & ഗേറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 29.09.2018 ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ വിനു പി.കെ. എന്ന കരാറുകരന്റെ ടെണ്ടർ അംഗീകരിക്കുകയും ടിയാനുമായി 24.10.2018 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സിമന്റ് കട്ട വച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഉയർന്ന നിരക്ക് നൽകുകയും എം ബുക്കിൽ ഈ നിരക്ക് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ലെവലിലെ സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണത്തിനു നൽകേണ്ട നിരക്കിനു പകരം രണ്ടാം നിലയ്ക്കു മുകളിലുള്ള നിർമ്മാണത്തിനുള്ള നിരക്കാണ് എസ്റ്റിമേറ്റിലും എം ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയത് | നൽകാവുന്നത് | വ്യത്യാസം |
|---|---|---|

| (എസ്റ്റിമേറ്റ്, എം ബുക്ക് പ്രകാരം) | | | | |
|---|---|---|---|---|
| DSR Code, ഇനം | നിരക്ക് | DSR Code, ഇനം | നിരക്ക് | |
| 50.6.1.9, Solid Block Masonry Using Pre Cast Solid Blocks( Factory Made) Of Size 40x20x15 Cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Above Floor Two Level Upto Floor Five Level With Thickness 15cm In: CM 1:6 ( 1 Cement : 6 Coarse Sand) Etc Complete | $3.647m^2$ @ $6685.19/m^2$ =24380 | 50.6.1.1, Solid Block Masonry Using Pre Cast Solid Blocks ( Factory Made) Of Size 40x20x20cm Or Nearest Available Size Confirming To IS 2185 Part 1 Of 1979 For Foundation And Plinth With Thickness 20 Cm And Above In: CM 1:6 ( 1 Cement : 6 Coarse Sand) Etc Complete | $3.647m^2$ @ $5257.81/M^2$ =19175 | 5205 |

എസ്റ്റിമേറ്റിൽ നിരക്ക് കണക്കാക്കിയതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.26/19-20;11.03.2022) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക 5205 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക തിരികെ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തുന്നില്ല

2019-20 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണപദ്ധതി, നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | 44/2019-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്. |
|---|---|
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (ജനറൽ) - 300000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 100000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 200000<br>ആകെ - 600000 |
| ഫണ്ട് ചെലവഴിച്ചത് | വികസന ഫണ്ട് (ജനറൽ) - 300000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 0<br>ജില്ലാ പഞ്ചായത്ത് വിഹിതം - 200000<br>ആകെ - 500000 |

പദ്ധതി പ്രകാരം ആകെ 47 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അർഹമായ മുഴുവൻ തുകയും ധനസഹായമായി അനുവദിച്ചിട്ടില്ല. ആകെ വകയിരുത്തിയ 600000 രൂപയിൽ 500000രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1 ലക്ഷം രൂപ ലഭ്യമാക്കിയിട്ടില്ല. മാനസിക

വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 27500 രൂപ വരെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും ശരാശരി 12185വീതമാണ് അനുവദിച്ചിട്ടുള്ളത്. ചലന വൈകല്യമുള്ള കുട്ടികൾക്കുള്ള പ്രതിമാസ യാത്രാ ബത്ത (400രൂപ നിരക്കിൽ) പൂർണ്ണമായി അനുവദിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പിനായി 950000 രൂപ ആവശ്യമാണെന്ന് ICDS സൂപ്പർവൈസർ 27.08.2019 ൽ ഗ്രാമപഞ്ചാത്ത് സെക്രട്ടറി/പ്രസിഡന്റിനെ അറിയിച്ചിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്നവർക്കു നൽകിയ തുകയിലെ കുറവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | എണ്ണം | അർഹമായ തുക | അനുവദിച്ച തുക (എണ്ണം X തുക) | വ്യത്യാസം |
|---|---|---|---|---|
| മാനസിക വെല്ലുവിളി നേരിടുന്നവർ | 36 | 36x27000<br>=₹972000 | 7x12183 +6x12000 + 4x12186<br>+15x12185+3x4800+1x5000<br>=₹408200 | ₹563800 |

ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിര പരിഗണന നൽകേണ്ടതും ആവശ്യമായ തുക വരും വർഷങ്ങളിൽ വകയിരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-24 സിഡ്കോയിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയതിൽ അപാകത

| പ്രൊജക്ട് നമ്പർ / പേര് | 205/2019-20, അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ | 206/2019-20, അങ്കണവാടികളുടെ ഭൗതിക സാഹചര്യം ഒരുക്കൽ |
|---|---|---|
| ഫണ്ട് വകയിരുത്തിയത് | മെയിന്റനൻസ് ഗ്രാന്റ് (NR)<br>-104822 (Bill No:61/25.09.2019)<br>തനതു ഫണ്ട് - 3178 | മെയിന്റനൻസ് ഗ്രാന്റ് (NR)<br>-104822 (Bill No.63/25.09.2019)<br>തനതു ഫണ്ട് - 3178 |
| ഫണ്ട് ചെലവഴിച്ചത് | മെയിന്റനൻസ് ഗ്രാന്റ് (NR)<br>-104822<br>തനതു ഫണ്ട് - 2619<br>(Ch No:2424014/03.10.2019) | മെയിന്റനൻസ് ഗ്രാന്റ് (NR)<br>-99817<br>തനതു ഫണ്ട് - 0 |

സ്റ്റോർ പ്രച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 17.06.2017 ലെ G.O(Rt) No.33/2017/spd ഉത്തരവു പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ/തടി ഫർണിച്ചറുകൾ വാങ്ങാമെന്ന നിർദ്ദേശത്തിന്റയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ രണ്ടു പദ്ധതികൾക്കായി SIDCO യിൽ നിന്നും സ്റ്റീൽ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോർ പ്രച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 17.06.2017 ലെ G.O(Rt) No.33/2017/spd ഉത്തരവു പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ/തടി ഫർണിച്ചറുകൾ വാങ്ങാമെന്ന നിർദ്ദേശത്തിന്റയടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ, യൂണിറ്റ് നിരക്ക് എന്നിവ (നികുതികൾ ഒഴിച്ച്) രേഖപ്പെടുത്തിയിരുന്നു. എന്നാൽ വാങ്ങിയ ഫർണിച്ചറുകൾക്ക് യൂണിറ്റ് നിരക്കിനേക്കാൾ ഉയർന്ന വില ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/ ഇൻവോയിസ് നമ്പർ | ഇനം | നൽകിയ യൂണിറ്റ് നിരക്ക് | നൽകിയ തുക (എണ്ണം×നിരക്ക്) | G.O പ്രകാരം നൽകാവുന്ന നിരക്ക് | വ്യത്യാസം |
|---|---|---|---|---|---|
| 205/2019-20, | Steel Table | 7004 | 13x7004 | 6419 | 7605 |

| | | | | | |
|---|---|---|---|---|---|
| Tvla/19-20/31 26-08-2019 | With One Cupboard And 3 Drawer 18 Mm Laminated Top Board 150x75x75 Cm | | =91052 | | (91052-83447) |
| 206/2019-20, Tvla/19-20 /29;22-08-2019 | Steel Cabinet 198x90x48 | 9399 | 9x9399 =84591 | 7791 | 14472 (84591-70119) |
| | ആകെ | | | | 22077 |

ഇപ്രകാരം ആകെ 22077 രൂപ ഫർണിച്ചറുകൾക്ക് അധികമായി നൽകിയിട്ടുണ്ട്. 07/2017ന ശേഷം വന്ന സർക്കാർ ഉത്തരവ് (G.O(Rt) No.49/2019/spd;14.11.2019) പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 പ്രകാരമുള്ള ടെണ്ടർ ഒഴിവാക്കിക്കൊണ്ട് സിഡ്കോയ്ക്ക നൽകിയ ഇളവ് 27.05.2019 ൽ കാലാവധി കഴിഞ്ഞതായും ആയത് 14.11.2019 മുതൽ ഒരു വർഷത്തേക്ക് പുതുക്കിയതായും അറിയിച്ചിട്ടുണ്ട്. 14.11.2019 ലെ സർക്കാർ അംഗീകരിച്ച നിരക്കാണ് 08/2019 ലെ ഇൻവോയിസിൽ സിഡ്കോ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല. ആയതിനാൽ അധികം നൽകിയ തുക സിഡ്കോയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾക്ക വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/19-20;08.03.2022) സിഡ്കോയിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വിശകലനം.

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 5 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കുടിവെള്ളം. ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പകുതിയോളം അങ്കണവാടികളിൽ ഇനിയും ലഭ്യമല്ല. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | ആകെ അങ്കണവാടികൾ | 28 |
| 2 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 23 |
| 3 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 5 |
| 4 | ചുറ്റുമതിൽ ഉള്ള സ്വന്തം കെട്ടിടം | 11 |
| 5 | ചുറ്റുമതിൽ ഇല്ലാത്ത സ്വന്തം കെട്ടിടം | 12 |
| 6 | പൈപ്പ് കണക്ഷൻ ഉള്ള സ്വന്തം കെട്ടിടം | 6 |
| 7 | പൈപ്പ് കണക്ഷൻ ഇല്ലാത്ത സ്വന്തം കെട്ടിടം | 16 |

കുടിവെള്ളം , ചുറ്റുമതിൽ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഇനിയും അങ്കണവാടികളിൽ ലഭ്യമല്ല എന്നത് ഭരണ സമിതിയുടെ പ്രത്യേക പരിഗണനയർഹിക്കുന്നു. തുടർവർഷങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 സംയുക്ത പ്രോജക്ടുകളുടെ അക്കൗണ്ടിൽ ഒരുകോടിയിൽപ്പരം രൂപ അവശേഷിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ B4, ഷെഡ്യൂൾ RP 40 (B) ഇവയുടെ പരിശോധനയിൽ 10012448 രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകളുടെ വരവ്, ചെലവ് എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. കൂടാതെ ജോയിന്റ് വെഞ്ചർ

സംബന്ധിച്ച അക്കൗണ്ട് ഹെഡ്ഡിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്ത സാഹചര്യത്തിൽ വരവായി വന്ന തുകകൾ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്ന് ബോധ്യപ്പെടാനായില്ല. റാന്നി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച വൻതുകകൾ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ലെഡ്ജർ പരിശോധനയിലും ലഭിച്ച തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ലഭ്യമായ തുകകൾ സംബന്ധിച്ച് ലെഡ്ജർ പരിശോധനയിൽ കണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക ലഭ്യമാക്കിയ സ്ഥാപനം | അക്കൗണ്ട് ഹെഡ്ഡിൽ രേഖപ്പെടുത്തിയ വിവരം | തുക | ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | ബ്ളോക്ക് പഞ്ചായത്ത്-റാന്നി | കിണർ റീചാർജ്ജിംഗ് | 2000000 | 514156/10-01-2018 |
| 2 | „ | Directly Credited To Try | 800000 | 508279/19-01-2018 |
| 3 | „ | Directly Credited To Try | 1050000 | 500243/22-01-2018 |
| 4 | „ | Directly Credited To Try | 3227700 | 504341/22-03-2018 |
| 5 | „ | Directly Credited To Try | 650000 | 609102/31-03-2018 |
| 6 | „ | Life Project-scp | 331387 | 79901400001520/06-07-2020 |
| 7 | „ | Life Project-general | 2093653 | 79901400001520/06-07-2020 |
| 8 | ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | Directly Credited To Try | 133696 | T/C On 31-03-2020 |
| 9 | „ | Life Project-scp | 135106 | T/C On 31-03-2020 |
| 10 | „ | Life Project-general | 1416558 | T/C On 31-03-2020 |

ക്രമ നം-2,3,4,5,8 എന്നിവ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്നതിന് വ്യക്തതയില്ല. ജോയിന്റ് വെഞ്ചർ -ട്രഷറി റ്റി.എസ്.ബി അക്കാണ്ടിൽ ഒരു കോടിയിൽപ്പരം രൂപ അവശേഷിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുകയുടെ കൃത്യത സംബന്ധിച്ച് വ്യക്തമായ ധാരണ ആവശ്യമാണ്. ആയതിനാൽ തുക ക്രഡിറ്റ് ചെയ്ത തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭ്യമാക്കിയ തുകയാണെന്നത് സംബന്ധിച്ചും , നടപ്പാക്കിയ പ്രോജക്ടുകളിൽ അവശേഷിക്കുന്ന തുക സംബന്ധിച്ചും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ലഭിച്ച തുകയിൽ ഇപ്രകാരം വൻതുക അവശേഷിക്കുന്നത് ആശാസ്യമല്ല. തുക ലഭ്യമാക്കിയ സ്ഥാപനങ്ങൾ അതാത് വർഷം തന്നെ അവരുടെ പദ്ധതി ചെലവായി നൽകുന്ന തുക കാണിക്കുകയും അവ ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്യുന്ന വിഷയത്തിൽ ഭരണസമിതി യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കി ഏത് പ്രോജക്ടിനായി ലഭിച്ച തുകയാണോ ആ പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തീകരിക്കേണ്ടതും പ്രോജക്ട് നിർവ്വഹണത്തിന് ശേഷം അവശേഷിക്കുന്ന തുകയാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതുമാണ്. നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകളുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ നമ്പർ/പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, റാന്നി | 3000000 | ലൈഫ് മിഷൻ (31/19-20) | 790000 | 2210000 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി | 1188980 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (11/19-20) | 1188980 | 0 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി | 1000000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ്-വനിത (12/19-20) | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, റാന്നി | 350000 | കുത്താട്ടുകളം കുളം നവീകരണം (187/19-20) | 334403 | 15597 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 200000 | പാലിയേറ്റീവ് കെയർ യൂണിറ്റ് (94/19-20) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 133696 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (11/19-20) | 33696 | 100000 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(44/19-20) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട | 200000 | അംഗനവാടി പോഷകാഹാര പരിപാടി (43/19-20) | 200000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നം/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS ഭവന പദ്ധതി | സ.ഉ (കൈ) നം-5631/10 /ത.സ്വ.ഭ.വ തീയതി 22-02-2010 | 12804000 | 469544 | 469544 | 0 |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | | 14738015 | 14738015 | 941176 | 13796859 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 2003-04 | 36 | കുളമാംകുഴി- വാറ്റു കുന്ന് റോഡിലെ കലുങ്ക് നിർമ്മാണം- തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് അംഗീകരിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 2003-04 | 37 | ജനകീയാസൂത്രണം- മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2000-2001 | 2003-04 | 27(4) | ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്തവർക്ക് ധനസഹായം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2016-17 | 2-7 | തൊഴിൽ നികുതി ഈടാക്കാത്തത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉൾപ്പെടെ] | 93236800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56316247 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല (ഡി)കേന്ദ്രസംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4.407/03 തീയതി 3.11.04/7.2.05 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി4.708/03 തീയതി 3.11.04/8.2.05 | 11 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി3.623/98 തീയതി 13.1.99/6.3.99 | 4 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി4.657/05 തീയതി 5.5.06 | 6 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.658/05 തീയതി 7.1.06/5.5.06 | 2 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.107/00 തീയതി 3.3.06/7.11.07 | 16 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.297/06 തീയതി 11.10.06/7.11.07 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4.287/02 തീയതി 19.3.03/3.10.03 | എല്ലാ ഖണ്ഡികകളും. |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4.488(എ)/06 | 1 |

| | | |
|---|---|---|
| | തീയതി.11.10.06/30.11.07 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-<br>പി4.659/02<br>തീയതി 3.4.03/5.8.03 | 5 |
| 2001-02<br>(ചെലവ്) | എൽ.എഫ്.പി.റ്റി.എ-<br>പി4.454/04<br>തീയതി 15.10.04/2.2.05 | 1 |
| 2001-02<br>(വരവ്) | എൽ.എഫ്.പി.റ്റി.എ-<br>പി4.488/06<br>തീയതി 12.10.06/30.11.07 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-<br>പി4.678/06<br>തീയതി 12.3.07/21.12.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി4.153/07<br>തീയതി 13.9.07/22.12.07 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8.890/10<br>തീയതി 7.10.11/7.12.11 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8.891/10<br>തീയതി 7.10.11/7.12.11 | 10 |
| 2006-07മുതൽ<br>2008-09വരെ | എൽ.എഫ്.പി.റ്റി.എ-പി6.698/12<br>തീയതി 25.10.12/30.11.13 | 37 |
| 2009-10<br>മുതൽ 2010-11<br>വരെ | എൽ.എഫ്.പി.റ്റി.എ-<br>പി6.596/13<br>തീയതി 20.11.13/30.4.14 | 1 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.597/13<br>തീയതി 20.11.13/14.11.14 | 4 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി6.274/15<br>തീയതി 1.7.15/9.7.15 | 7 |
| 2013-14<br>2014-15 | കെ.എസ്.എ.പി.റ്റി.എ<br>പി6.167/2016 തീയതി 19.3.16 | 12 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ<br>പി6.1278/2016 തീയതി 1.12.2016 | 7 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ<br>പി6.1132/2017<br>തീയതി 26.09.2017 | 15 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി6-130/19<br>തീയതി 7.3.2019 | എല്ലാ<br>ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ<br>പി6-694/2019<br>തീയതി 17-08-2019 | എല്ലാ<br>ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്